**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **05-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളിലെ റിവേഴ്സ് എസ്റ്റിമേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ധനസഹായം നൽകുന്ന റോഡ്, പാലം, പ്രവൃത്തികളുടെ നിർമ്മാണഘട്ടത്തിൽ കാര്യമായ മാറ്റം വരുമ്പോൾ റിവേഴ്സ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ധനസഹായം നൽകുന്ന റോഡ്, പാലം, പ്രവൃത്തികൾക്ക് നിർമ്മാണ ഘട്ടത്തിൽ ആവശ്യമായ മാറ്റം വരുമ്പോൾ പദ്ധതി നിർവഹണ ഏജൻസി സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് കിഫ്ബി അംഗീകാരം നൽകി വരുന്നു. |
| (ബി) | ധനാനുമതി നൽകിയ തുകയുടെ എത്ര ശതമാനം വരെ അധികരിച്ച് നൽകുമെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി നിർവഹണ ഏജൻസി സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് ആയത് 10 ശതമാനമോ അതിനു താഴെയോ ആകുന്ന പക്ഷം അവ പദ്ധതിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ് എന്ന് കണ്ടെത്തിയാൽ കിഫ്ബിയുടെ സി.ഇ.ഒ ക്ക് നൽകിയിട്ടുള്ള അധികാരപരിധി ഉപയോഗിച്ച് സി.ഇ.ഒ തലത്തിൽ തന്നെ ടി റിവിഷന് അംഗീകാരം നൽകുകയും ആയതിന് കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി / ബോർഡ് സാധൂകരണം നൽകുകയും ചെയ്യുന്നു. എന്നാൽ പത്ത് ശതമാനത്തിന് മുകളിലാണെങ്കിൽ അത് കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് അംഗീകാരം നൽകുന്നത്. |
| (സി) | പ്രവൃത്തി ആരംഭിച്ച പദ്ധതികൾക്ക് വലിയ വ്യത്യാസം വന്നാൽ പ്രസ്തുത പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതിക്ക് ഏത് അവസരത്തിൽ എസ്റ്റിമേറ്റ് റിവിഷൻ വേണ്ടി വന്നാലും പ്രസ്തുത പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തിയാണ് അവയ്ക്ക് അംഗീകാരം നൽകാറുള്ളത്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ . ലിന്റോ ജോസഫ് സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 417 കിഫ്ബി പദ്ധതികളിലെ റിവേഴ്സ് എസ്റ്റിമേറ്റ് എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.*

***(എ)*** പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ധനസഹായം നൽകുന്ന റോഡ്, പാലം, പ്രവൃത്തികളുടെ നിർമ്മാണഘട്ടത്തിൽ കാര്യമായ മാറ്റം വരുമ്പോൾ റിവേഴ്സ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; ***(ബി)*** ധനാനുമതി നൽകിയ തുകയുടെ എത്ര ശതമാനം വരെ അധികരിച്ച് നൽകുമെന്ന് വ്യക്തമാക്കുമോ; ***(സി)*** പ്രവൃത്തി ആരംഭിച്ച പദ്ധതികൾക്ക് വലിയ വ്യത്യാസം വന്നാൽ പ്രസ്തുത പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജോയിന്റ് സെക്രട്ടറി